# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2355 08.03.2017 - ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. വി.പി.സജീന്ദ്രൻ | ഡോ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി**

| | | |
|---|---|---|
| (എ) | റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം റവന്യൂ പിരിവ് ഊർജ്ജിതവും കാര്യക്ഷമവുമാക്കുന്നതിന് നികുതി സമാഹരിക്കുന്ന പ്രധാന വകുപ്പുകൾ മുഖേന കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു:<br>**രജിസ്ട്രേഷൻ വകുപ്പ്**<br>(i) 01.01.1986 മുതൽ 31.03.2010 വരെ കുടിശ്ശികയുണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി G.O.(P)No.74/2016/TD ഉത്തരവ് പ്രകാരവും, ഫ്ലാറ്റുകളുടെ അണ്ടർവാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കുവാൻ G.O.(P)No.75/2016/TD ഉത്തരവ് പ്രകാരവും ഒറ്റതവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി.<br>(ii) ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി Central PWD മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ 28B എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു.<br>(iii) 2016 ലെ ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 6 ൽ നിന്നും 8 ശതമാനമായി വർദ്ധിപ്പിച്ചു.<br><br>**എക്സൈസ് വകുപ്പ്**<br>(i) എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശ മദ്യ വിൽപനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. |

| | | |
|---|---|---|
| | | മദ്യവർജ്ജനം വഴി മദ്യത്തിന്റെ ഉപഭോഗം ഘട്ടം ഘട്ടമായി കുറച്ചുകൊണ്ട് വരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. ആയതിനാൽ മദ്യ വില്പനയിൽ വർദ്ധനവു വരുത്തി വരുമാനത്തിന്റെ വളർച്ചാ നിരക്ക് കൂട്ടുന്നതിനുള്ള നടപടി സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ മദ്യത്തിന്റെ വിലയിലുണ്ടായ വർദ്ധനവ് മൂലവും മറ്റ് വരുമാന സ്രോതസ്സുകൾ മുഖേനയും മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് എക്സൈസ് വകുപ്പ് വഴിയുള്ള വരുമാനത്തിൽ 7.54 ശതമാനം വർദ്ധനവ് ഉണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br>(ii) അബ്കാരി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനെസ്റ്റി സ്കീം) 31/03/2017 വരെ പുന:സ്ഥാപിച്ച് ഉത്തരവായിട്ടുള്ളതാണ്.<br><br>**<u>വാണിജ്യ നികുതി വകുപ്പ്</u>**<br>(i) മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(ii) ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br>(iii) അന്തർ സംസ്ഥാന വില്പനയുടെ കാര്യത്തിൽ സി ഫോം വെരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>(iv) ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലും ഉള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ് വെയറിന്റെ വികസനം അവസാന ഘട്ടത്തിലാണ്.<br>(v) ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

| | | |
|---|---|---|
| | | (vi) റെയിൽവേ വഴി സംസ്ഥാനത്തിനു പുറത്തേക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.<br>(vii) ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളും ഇന്റലിജൻസ് സ്ക്വാഡുകളും വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു.<br>(viii) നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്കു കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.<br>(ix) വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ചെക്ക് പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | റവന്യൂ വരുമാനം കുറയുന്നതിനുള്ള പ്രധാന കാരണം അഴിമതിയും കെടുകാര്യസ്ഥതയും ആണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | റവന്യൂ വരുമാനം കുറയുന്നതിനുള്ള ഒരു കാരണം അഴിമതിയും കെടുകാര്യസ്ഥതയുമാണ്. അഴിമതിയ്ക്കെതിരായ ശക്തമായ നടപടി സ്വീകരിച്ചും ആധുനീകരണം ശക്തിപ്പെടുത്തിയും ഇതിന് തടയിടാനാണ് ശ്രമിക്കുന്നത്. |
| (സി) | ഉണ്ടെങ്കിൽ അത് അവസാനിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും അത് മൂലം റവന്യൂ വരുമാനത്തിന് ഉണ്ടായ വർദ്ധനവ് എന്തെന്നു വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ